# Buscador

## DIGITAL MAGAZINE 2018-19

### LITTLE KITES
### GBHSS CHERUKUNNU



# BUSCADOR *

***Digital Magazine***
***2018 – 19***

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

***LITTLE KITES GBHSS CHERUKUNNU***

* The Searcher

# ആമുഖം

കൂട്ടുകാരേ,

2018-19 വർഷത്തെ Little Kites ന്റെ Activity യുടെ ഭാഗമായി ഉണ്ടാക്കിയ Digital Magazine നിർമാണ പ്രക്രിയയിൽ നമ്മുടെ സ്കൂളിലെ പല കലാകാരൻമാരുടെയും കലാസൃഷ്ടിയും, കഴിവുകളും തെളിയിച്ച്കൊണ്ട് നാം നമ്മുടെ സ്കൂളിന്റെ Magazine നിർമിച്ച് Kites ന്റെ Activity യുടെ ഭാഗമായി നാം ഇത് നിങ്ങൾക്ക് സമർപ്പിക്കുന്നു. കുട്ടികളിൽ അന്തർലീനമായ കഴിവുകൾ കണ്ടെത്തുന്നതിനും അവ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള ഒരു വേദികൂടിയായി മാറുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

Digital Magazine രംഗത്തിൽ ജി. ബി. എച്ച്. എസ്. എസ് ചെറുകുന്നിന്റെ ആദ്യകാൽവെപ്പായ 'BUSCADOR' എല്ലാവരുടെയും പ്രോത്സാഹനവും പ്രതീക്ഷിച്ചുകൊണ്ട് നിങ്ങൾക്കു മുന്നിൽ സമർപ്പിക്കുന്നു.

നവനീത് കുമാർ പി. വി IX-C

ചീഫ് എഡിറ്റർ

# പത്രാധിപസമിതി

| | | |
|---|---|---|
| പത്രാധിപൻ | : | **നവനീത് കുമാർ പി. വി** |
| സഹപത്രാധിപൻ | : | ആദിത്ത് കെ. പി |
| അംഗങ്ങൾ | : | മുബഷിർ സി. പി |
| | : | അക്ഷയ് കൃഷ്ണ |
| | : | ശ്യാംജിത്ത് |
| | : | ഋതിൻ രാജ് |
| | : | ശ്രീരാഗ് |
| | : | യദുകൃഷ്ണ |
| | : | അമൽ കൃഷ്ണ |
| ചിത്രീകരണം | : | അഭയ് ടി എസ് |
| | : | വിശാൽ കെ വി |
| | : | പ്രണയ് |

# താളുകളിൽ.....

ആമുഖം......3
സ്കൂൾ ചരിത്രം......7
About KITEs......8
കവിത......9
അമ്മ......9
ഭൂമിയുടെ കണ്ണീർ......10
ഒന്നാണ് നമ്മൾ......11
PEACE......12
A Train Journey......13
साल यह नया......15
पिताजी......16
കഥ......17
അസ്തമയം സാക്ഷി......17
ധനദത്തിന്റെ മാളിക......18
ഹയ്യോ പല്ലി ചിലച്ചു !......19
അപ്പുവിന്റെ ചിത്രങ്ങൾ......20
അമ്മു......21
......21
*മടക്കയാത്ര*......22
*जीवन का अंत कैसे*......23
യാത്രാവിവരണം......25
വാഗമണ്ണിലേക്ക്... ......25
മൈസൂരിൻ മനോഹാരിതയിലേക്ക്......26
അനുഭവക്കുറിപ്പ്......29
മൈസൂറിൻ മായാജാലം......29
ജിമ്പിൽ വരച്ച ചിത്രങ്ങൾ......30
കേരള സേന......32
നന്മകൾ നിറയും നാളേക്കായ്......33
അധ്യാപകരുടെ രചനകൾ......34

ഞാൻ അഭയാർത്ഥി....34
കാഴ്ചകൾക്കപ്പുറം....36
لَوْعَةُ الْفِرَاق....38
ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ജി.ബി.എച്ച്.എസ്.എസ് ചെറുകുന്ന്....39
ചാമ്പ്യൻമാർ....40
പണിപ്പുരയിൽ ....41




# സ്കൂൾ ചരിത്രം

1918 ൽ ചിറക്കൽ രാജാവ് സ്ഥാപിച്ച കടിപ്പള്ളിക്കൂടമാണ് ഇന്നത്തെ ചെറുകന്ന് ഗവ. ഹയർസെക്കണ്ടറി സ്കൂളായി വളർന്നത്. 1918 ൽ ഈ കടിപ്പള്ളിക്കൂടം ഡിസ്ട്രിക്ട് ബോർഡിനു കീഴിലുള്ള ഒരു മിഡിൽ സ്കൂളായിരുന്നു. പിന്നീട് നാട്ടുകാരുടെ ഉത്സാഹവും ശ്രീ. കെ.വി. നാരായണൻ മാസ്റ്ററുടെ (കമ്പ്യൻ നാരായണൻ മാസ്റ്റർ) നേതൃത്വവും ഒത്തു ചേർന്നപ്പോൾ ഈ വിദ്യാലയം ഹൈസ്കൂളായി ഉയർന്നു.

1924 ൽ ഓല ഷെഡിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ഈ വിദ്യാലയം 1925 ൽ കത്തി നശിച്ചതിനെ തുടർന്ന് സ്കൂൾ പുനർ നിർമ്മാണ കമ്മറ്റി രൂപീകരിക്കപ്പെട്ടു. അങ്ങനെ ഗ്രാമവാസികളുടെയും ഡിസ്ട്രിക്ട് ബോർഡിന്റെയും സഹകരണത്തോടെ 1927 ൽ നിർമ്മിക്കപ്പെട്ടതാണ് ഈ വിദ്യാലയത്തിന്റെ മെയിൻ ബ്ലോക്ക്. ഇന്ന് ശതാബ്ദിയിലെത്തി നിൽക്കുന്ന ഈ കെട്ടിടത്തിലാണ് പതിനായിരക്കണക്കിന് വരുന്ന ചെറുകന്ന് നിവാസികൾ സെക്കന്ററി വിദ്യാഭ്യാസം പൂർത്തിയാക്കിയത്.

1965, 66, 67 കാലഘട്ടങ്ങളിൽ 3500 ലേറെ വിദ്യാർത്ഥികൾ പഠിച്ചിരുന്ന ഈ വിദ്യാലയം ഏറെക്കാലം ഷിഫ്റ്റ് സമ്പ്രദായത്തിലും പ്രവർത്തിച്ചിരുന്നു. 1979, 80 കാലയളവിൽ അസൗകര്യം കുറക്കുന്നതിന്റെ ഭാഗമായാണ് ജി.ബി.എച്ച്.എസ്, ജി.ജി.എച്ച്.എസ് എന്നി രണ്ട് സ്കൂളുകളായി പ്രവർത്തിക്കാൻ തുടങ്ങിയത്. ജി.ജി.എച്ച്.എസിന് പുതിയ പുതിയ കെട്ടിടങ്ങളുണ്ടായി എന്നാൽ ബോയ്സ് സ്കൂൾ പഴയ കെട്ടിടത്തിൽ തന്നെ ഇന്നും പ്രവർത്തിച്ചു വരുന്നു.

അൺ എയ്ഡഡ് സ്കൂളുകളുടെ പ്രളയത്തിൽ പൊതു വിദ്യാലയങ്ങൾ മുങ്ങിപ്പോകുമ്പോഴും ചെറുകന്ന് ജി.ബി. എച്ച് എസ് ഇപ്പോഴും തലയുയർത്തി നിൽക്കുകയാണ്. 2000 ൽ ഹയർ സെക്കണ്ടറി ആരംഭിച്ചതോടെ കെട്ടിടത്തിന്റെ അപര്യാപ്തത ഏറ്റവും രൂക്ഷമായി.

ടി.സി. നാരായണൻ നമ്പ്യാർ, മുൻ മുഖ്യമന്ത്രി ശ്രീ. ഇ.കെ നായനാർ , ഡോ. കെ.സി. നമ്പ്യാർ, എഫ് .ആർ.സി.എസ്, മഗ്സാസെ അവാർഡ് ജേതാവ് ഡോ. പി.പി. നാരായണൻ, എയർ ഇന്ത്യ ചെയർമാൻ രമേഷ് നമ്പ്യാർ തുടങ്ങി ഒട്ടേറെ പ്രഗത്ഭമതികൾ പഠിച്ച ഈ വിദ്യാലയത്തിൽ 1927 ന് ശേഷം 2008 നാണ് ഒരു ലാബ് ലൈബ്രറി സമുച്ചയം ലഭിച്ചത്.

ഇത്രയും പരിമിതി അനുഭവിക്കുമ്പോഴും പാഠ്യപാഠ്യേതര മേഖലകളിൽ ശ്രദ്ധേയമായ വിജയം കൈവരിക്കാൻ വിദ്യലയത്തിന് കഴിയുന്നുണ്ട്. കലാകായികമേളകൾ, ശാസ്ത്രമേള എന്നിവയിൽ സബ് ജില്ലാ - ജില്ലാതലങ്ങളിൽ വിജയമുദ്ര പതിപ്പിക്കാൻ എല്ലാ വർഷങ്ങളിലും വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

<u>സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലം</u>

| | | |
|---|---|---|
| വിദ്യാഭ്യാസ ജില്ല | : | കണ്ണൂർ |
| ഉപജില്ല | : | മാടായി |
| ബ്ലോക്ക് | : | കല്യാശ്ശേരി |
| പഞ്ചായത്ത്/വില്ലേജ് | : | കണ്ണപുരം |

# About KITEs

*The kerala infra structure and technology for education(KITE) Little Kites project which have become the largest student IT network in India is all set for expansion.*

*Kites have invited application from government and aided school that currently have no little kites it clubs. The little kites it club has over 58000 members in 1898 schools.*

*The student members would be given special training for at least 4 hours a month.*

*The scope of little kites would include proper up-keeping of ICT [information and communication technology] equipment in schools,computer literacy for parents,single-window help desk special ICT training for differentially abled, installation of free and open software (FOSS) based operating system and application for public,digital mapping, cyber safety check and awareness, updates in school wiki,conduct of IT camps and development of news and documentaries for news and documentaries for VICTERS educational channel.*

കവിത

# അമ്മ

എന്നെ താരാട്ടുപാടിയുറക്കുമെന്റമ്മാ....
എന്നെ നീലാകാശവും അമ്പിളിമാമനും
തൊട്ടുകാണിക്കുമെന്റമ്മാ....
എന്റെ കിനാവിലും നിലാവുമെന്റമ്മ....
ഞാൻ തെറ്റുചെയ്താൽ
എന്നെ-
വഴക്കുപറയുമെന്റമ്മാ
എന്നെ
പൊന്നുപോൽനോക്കുമെന്റമ്മാ



ആകാശമെന്തെന്നും ഭൂമിയെന്തെന്നും
എനിക്കു  പറഞ്ഞതന്നതെന്റയമ്മാ
എന്നിൽ എന്നുമുണ്ടെന്റമ്മാ
എന്നിൽ  എന്നുമുണ്ടന്റയമ്മാ
എന്നെ കണ്ണിലെ കൃഷ്ണ മണിപോലെ-
നോക്കുമെന്റമ്മാ...
എന്റെ ദൈവമാണന്റെയമ്മാ
എന്റെ ദൈവമാണന്റെയമ്മാ

മൃദുൽ മോഹൻ 7.B

# ഭൂമിയുടെ കണ്ണീർ

നിശബ്ദമായ് എങ്ങും മയക്കമായ്
കൂരിരുട്ടിന്റെ കോണിൽ നിലവിളി-
കളുയർന്നു കൺചിമ്മി ഉറക്കുന്നനേരം
എല്ലാം നശിച്ചു എല്ലാം മണ്ണിനടിയിൽ
നിലവിളിയുയർന്നു......പരിഭ്രാന്തമായ്
ഓടി നടക്കുന്നു
സ്വപ്നങ്ങളെല്ലാം ഒലിച്ചുപോയ്
കൺമുന്നിൽ എല്ലാം നശിച്ചു
പ്രാണനെടുത്തു, വീടുകൾ തകർത്തു.....
കലിതുള്ളി എത്തി ഭൂമിയുടെ കണ്ണീർ
പ്രതികാര രൂപിയായ് തട്ടി-
തെറുപ്പിച്ചു ജീവനെടുക്കുന്ന ഭൂമി.....
എല്ലാം എടുത്തു, എല്ലാം നശിച്ചു



വേനൽ പ്രതീക്ഷിച്ചു നിൽക്കുന്ന മനുഷ്യൻ
കണ്ണീരു ബാക്കിയായ് നിൽക്കുന്ന മനുഷ്യൻ
വേദനയിൽ പാതിമരിച്ചു നിൽക്കുന്ന ചിലർ
നാം ചെയ്ത തെറ്റുകൾ ഓർക്കുന്ന ചിലർ
പ്രതിഫലം നാശം മാത്രം....
പ്രളയമെന്നു കേട്ടാൽ കോരിത്തരിക്കും മനസ്സിൽ
പേടികൊണ്ടോടും മനുഷ്യർ
പ്രതികരിച്ചു തുടങ്ങിഭൂമി
എല്ലാം തകർക്കാൻ പാഞ്ഞെത്തുന്നു,
ഒരു നിമിഷം കൊണ്ടാലാരോ ജീവൻ-



എടുത്തോടുന്ന പ്രളയം
നിശബ്ദമായ് എങ്ങും മയക്കമായ്
കൂരിരുട്ടിന്റെ കോണിൽ നിലവിളി-
കളുയർന്നു കൺചിമ്മി ഉറക്കുന്ന നേരം
എല്ലാം നശിച്ചു എല്ലാം മണ്ണിനടിയിലായി.....

ആകാശ് രവീന്ദ്രൻ
X-C

# ഒന്നാണ് നമ്മൾ

ദൈവത്തിൻ സ്വന്തംനാടെന്ന്
വാഴ്ത്തിയമാലോകരേവരും
തറികളും തിറകളും
പൂക്കളും പുഴക്കളും
ആലോലമാടിടുംനാളികേരത്തിന്റെ
നാടായ നാട്
ഈ കഥകൾ ഒക്കെയും മാഞ്ഞു  ഇന്ന്-
കൊള്ളയും കൊലയും പീഡനവുംമായി
അങ്ങനെ  അങ്ങനെ കാലംപലതായി
ഇന്നൊരു പൊന്നിൻ ചിങ്ങവുമായി
മഴയായും ഇടിയായും ഓണമെത്തി
രണ്ടുനാൾ കഴിഞ്ഞപ്പോൾ
മഴയും കനത്തുപോയി
ഒരോ ദിനം തോറും
വെള്ളം കനത്തുവന്നു






ഹിന്ദുവും മുസ്ലീമും ക്രിസ്ത്യാനിയുമെല്ലാ-
തെ ഏവരും ഒന്നായി ഒരുമയായി
പേടിയും ആവലാതിയും വീടും -
വിശപ്പും പങ്കിട്ടെടുത്തവർ പങ്കുവെച്ചു
മഴ ഏറെ തകർത്തു താറുമാക്കി
എങ്കിലും കേരളം ഒന്നായിന്നിന്നു

പുഞ്ചിരി ളുകെണ്ട ഓണമാസത്തിൽ
കാലനും പലകുറി വന്നുപോയി
എത്രപേരെ അവൻ കൊണ്ടുപോയി
എങ്കിലും കേരളം അതിജീവിക്കും
ഞങ്ങൾ പുതിയൊരു
കേരളം പണിതുയർത്തും



അക്ഷയ് . കെ
X-C

# PEACE



I was in the crowd
looking around
not spending a pound
all alone ;

shattering noise and
powerful clammering
breaking me slow
and again faster

cannons and fires
off the mouth
and on the spears
killing and hurting1000's

a boy was close to me
all his hope on to me
may be I should take him with me
or may be should I leave him

I recall hours berfore
the priest on his weekly talk
about war, aboutpeace
about peace, about life


Enough! Enough all of these
So I need this to stop
I wanna[1] stay from this mess
and praying for God bless
hours later peace came
but came the silence along
life less bodies laying down
down to memory all together



I need peace not this,
the other .....
not silence of death
But the presence of
Life ...... Birth!

` Vinayak K . X.E

1 Wanted to



# A Train Journey

*I always Love journeys,*
*They give us happiness...*
*I like to travel in train,*
*it is interesting when there is rain...*


*I was going to Beckal fort*
*with my family members...*
*All are talking about past stories*
*but I was looking outside...*

*I was happy, because,*
*I got window seat....*
*I lost my soul by*
*looking outside*

*I saw many trees outside*
*and wondered about*
*their jogging backward*
*They are running back to find someone*
*I thought,they are looking for past*



*Then I saw a river flowing*
*I found they are moving slowly*
*with sad in their heart*
*I thought ,they are looking  for a best future,*
*they disliked present*




*I saw some people in*
*their own job...*
*They were cutting trees*
*I thought  they are loving present......*

*All scenes that I saw*
*in that journey*
*gave happiness and also sad,*
*I love journeys,*
*that give us experience*

*Mubashir CP*
*IX E*

# साल यह नया



नया है यह साल,
नया हर दिन । बार-बार
पढ़ते को पाठ नए सारे
मदद् के हाथ बढ़ाना है हमे दुलारे ।

चलो लेते है हम कसम
करेंगे काम सब अच्छे,
न करने देगे किसीको
खराब साल यह नया ।

खुशी आएगा, आएगा दुख ,
साल हैं यह नया
लेकर करने को बहुत कुछ
आया यहा
करना है हमें काम बहुत सारे
*शुरु करना है दिन नया ये ।*

*വിനായക് കെ*
*X-E*


# पिताजी



पिताजी है तो प्यारा है
मन बहुत सुहाना है ।
मुझे सब कुछ दिलाती है
मेरा साथ खेलती है ।
मम्मी से मुझे बचाती है
मेरी बात सुनती है
पिताजी है तो प्यारा है
मन बहुत सुहाना है ।
मेरे लिए वक्त खचे करता है
मेरा आवशय सुनता है
अपना सपना खोकर
हमारे लिए जीता है ।
शुक्रिया ऊपरवाले
एसा बात देने केलिए
पिताजी है तो प्यारा है
मन बहुत सुहाना है ।

*Rohith V. P VIII-F*

കഥ




ഇന്ന് സൂര്യൻ നേരത്തെ ഉദിച്ചോ?
 മോളേ ഇത്ര നേരത്തെ നേരം പുലർന്നോ?.
നേരത്തെയോ, എന്താ 'തള്ളേ' പറയണത് നേരം എത്രയായെന്ന തള്ളേടെ വിചാരം അന്തിക്ക് കെടന്നാ പിന്നെ രാവിലെ പത്ത് മണിക്കേ   എണീക്കത്തുള്ളൂ. എന്നിട്ട് ഇപ്പം ചോദിക്കുവാ നേരം പുലർന്നോ എന്ന്.

അതെങ്ങനെയാ ഞാൻ ഒരാളെ ഇവിടുള്ളൂ എന്നാ എന്നെ വന്ന് ഒന്ന് സഹായിക്കാം എന്ന് തോന്ന്യോ? ഒന്നുമല്ലെങ്കില് ചായേന്റെ വെള്ളൊങ്കിലും അടുപ്പത്ത് വച്ചോടെ. ലളിത പതിവ്പോലെ നാരായണി അമ്മയെ കുറ്റപ്പെടുത്താൻ തുടങ്ങി.

'എനിക്ക് വയ്യാത്തോണ്ടല്ലേട്യേ' അല്ലേൽ ഞാൻ നിന്നെ സഹായിക്കത്തില്ല്യോ. അമ്മ പറഞ്ഞു.

പിന്നേ സഹായിക്കും സഹായിക്കും നിങ്ങളിവിടെ വന്നിട്ട് ഒരാഴ്ചയായില്ലേ ഇത് വരെ ഈ മുറിവിട്ട് പുറത്തേക്ക് ഇറങ്ങിയിട്ടുണ്ടോ?...
പിന്നായല്ലേ സഹായിക്കുന്നത്.

നിങ്ങൾ സ്വത്തിന്റെ ഭൂരിഭാഗവും കൊടുത്തത് പുന്നാരമോനല്ലേ എന്നിട്ട് അവനും നിങ്ങളെ കയ്യൊഴിഞ്ഞില്ലേ. എനിക്ക് നിങ്ങളെ സംരക്ഷിക്കണ്ട ബാധ്യതയൊന്നും ഇല്ല. രാത്രിക്ക് രാത്രി ഇവിടെ കൊണ്ട് തള്ളിയേച്ച് പോയിരിക്കുന്ന പുന്നാര മോൻ. അമ്മയായി പോയോണ്ടാ ഞാൻ ഇത്രയും നാൾ നിങ്ങളെ ഇവിടെ നിർത്തിയത് ഇന്നും കൂടി ഞാൻ കാക്കും അവൻ വന്നില്ലേല് എവിടെയാണെന്ന് വച്ചാൽ ഇറങ്ങി പൊക്കോണം 'കേട്ടോ തള്ളേ' –ലളിത കയർത്തു.
നാരായണിയമ്മ എണീച്ചിരുന്നു. അമ്മ കരയുകയാണ് എത്ര ലാളിച്ച് ഓമനിച്ചാണ് ഞാൻ രണ്ടിനേയും വളർത്തിയത് എന്നിട്ടിപ്പോ.... ചായ വേണോങ്കിൽ  വെച്ചുണ്ടാക്കി കുടിച്ചോ അവിൽ ആ പാത്രത്തിൽ ഇരിപ്പുണ്ട്.ഞാൻ പണിക്ക് പോവ്വാൺ. ഇത്രയും പറഞ്ഞ് ലളിത ആ കൂരവിട്ടിറങ്ങി .
അമ്മ ആലോചിക്കുകയായിരുന്നു ഇനിയും ഇവരെ ബുദ്ധിമുട്ടിക്കുന്നത് ശരിയല്ല. ഇറങ്ങി പോയേക്കാം. പക്ഷേ.... എങ്ങോട്ട്. അത് അപ്പോഴും അമ്മയ്ക്ക് മുന്നിൽ ഒരു ചോദ്യ ചിഹ്നമായികിടന്നു.

ഊന്നുവടിയും കുത്തിപ്പിടിച്ച് അമ്മ തന്റെ മെല്ലിച്ച കാലുകളിൽ അടിവച്ചടിവച്ച് ആ കടൽ ത്തീരത്തുകൂടെ നടന്നുനടന്ന് അകലേക്ക് നീങ്ങി. ഇനി തൻമൂലം ഒരിക്കലും തന്റെ മക്കൾ തന്റെ ബുദ്ധിമുട്ടരുത് എന്ന ദൃഢനിശ്ചയം ആ അമ്മ എടുത്തിരുന്നു.


സൂര്യൻ ചക്രവാളകത്തെ ചുംബിക്കുന്നത് വരെ ആ അമ്മ തീരത്തുകൂടെ അകലങ്ങളിലേക്ക് നടന്ന് കൊണ്ടിരുന്നു. അസ്തമയ സൂര്യൻ അത് കാണാനാവാതെ മറഞ്ഞു.

അമൽ കൃഷ്ണ.എം
*9A*

# ധനദത്തിന്റെ മാളിക



പണ്ടൊരു ഗ്രാമത്തിൽ ധനദത്തൻ എന്നൊരാളുണ്ടായിരുന്നു. ഒരിക്കൽ അയാൾ ഒരു മാളിക പണിയാൻ തീരുമാനിച്ചു. അതിനുവേണ്ടി നഗരത്തിൽ നിന്ന് ഒരു നല്ല ശിൽപിയെ വരുത്തി. ശിൽപി പറഞ്ഞു. നല്ല മാളിക പണിയാൻ ധാരാളം മരങ്ങൾ വേണ്ടിവരും. അതിനെന്താ, എന്റെ പറമ്പിൽ നിൽക്കുന്ന കുറ്റൻ മരങ്ങൾ കണ്ടില്ലേ? വീടിന്റെ നെടുംതൂണുകളാണ് ഈ മരങ്ങൾ എന്നാണ് എന്റെ അച്ഛൻ പറയാറ്. ഇതെല്ലാം വെട്ടി മാളിക പണിതുകൊള്ളൂ. മാളികയുടെ പണി തുടങ്ങി. അവൻ പറമ്പിലെ വൻ മരങ്ങൾ വെട്ടിവീഴ്ത്തി. അയൽരാജ്യത്തുനിന്ന് വെണ്ണക്കല്ലുകൾ കൊണ്ടുവന്നു. വൈകാതെ ഒരു വമ്പൻ



മാളിക അവിടെ ഉയർന്നു. കണ്ടവർ ധനദത്തനെ പുകഴ്ത്തി. ധനദത്തന് സന്തോഷമായി. ആ സന്തോഷം അധികകാലം നീണ്ടില്ല. വേനലിൽ മാളിക ചുട്ടുപഴുത്തു. മരങ്ങളൊന്നും ഇല്ലാതെയായപ്പോൾ നല്ല ഒരു തണുത്ത കാറ്റുമില്ല. അപ്പോൾ ധനദത്തന് അച്ഛന്റെ വാക്കിന്റെ വില മനസ്സിലായി. ധനദത്തന് താൻ ചെയ്ത തെറ്റ് മനസ്സിലായി. അതിനുശേഷം ധനദത്തൻ ധാരാളം വൃക്ഷങ്ങൾ നട്ടുവളർത്തി.

ആദിത്ത്

*VIII- D*

# ഹയ്യോ പല്ലി ചിലച്ചു !

എന്തു കാര്യം ചെയ്യുന്നതിനു മുൻപും രാമുണ്ണി നല്ല സമയ
വും നിമിത്തവുമൊക്കെ നോക്കും.

ഒരു ദിവസം അയാൾ ചന്തയിൽ പോകാനൊരുങ്ങി മുറ്റത്തേക്കിറങ്ങി.അപ്പോഴാണ് ചുമരിലിരുന്ന പല്ലി ചിലച്ചത്.അതു കേട്ടതും രാമുണ്ണി വീട്ടി-
ലേക്ക് കയറി.ഭാര്യ ചോദിച്ചു:"എന്തു പറ്റി?"

"എന്തെങ്കിലും കാര്യത്തിന് പുറപ്പെടുമ്പോൾ,പല്ലി ചിലയ്കുന്നത് നല്ല ലക്ഷണമല്ല.ഇന്നത്തെ യാത്ര വേണ്ടെ-
ന്നു വെച്ചു."



ഭാര്യക്ക് ദേഷ്യംവന്നു."ഹും .....എങ്കിൽ തെങ്ങിൽ കയറി ഒരു തേങ്ങയിട്...ആ പണിയെങ്കിലും നടക്കട്ടെ.."

കുറേ കഴിഞ്ഞു ഭാര്യ വന്ന് നോക്കുമ്പോഴുണ്ട്
രാമുണ്ണി തെങ്ങിന്റെ നടുവിൽ അനങ്ങാതെ ഇരിക്കുന്നു..!

"കേറി പകുതി എത്തിയപ്പോൾ അപ്പുറത്തെ തെങ്ങിൽ നിന്ന് ഒരു പല്ലി ചിലച്ചു,അതാ കേറാഞ്ഞത്"

"ശ്ശെടാ.... എന്നാ പിന്നെ ഇങ്ങോട്ടിറങ്ങിയാൽ പോരേ....."

*"ഇറങ്ങാൻ തുടങ്ങിയതാണെടീ....,അന്നേരം ആ പല്ലി വീണ്ടും ചിലച്ചു...."!!!!!*

*f*

*അഭിഷേക്.എസ്*

*X_E*

# അപ്പുവിന്റെ ചിത്രങ്ങൾ



അപ്പുവിന് എന്നും അസ്തമയം കാണാതെ ഉറക്കം ഉണ്ടാവാറില്ലാ. എല്ലാ വൈകുന്നേരങ്ങളിലും അവൻ എപ്പോഴും ഈ സൂര്യാസ്തമയം കാണുന്നത് ഓർത്ത് അവന്റെ അമ്മ എപ്പോഴും അതിനെക്കുറിച്ച് പറയാറുണ്ട്. അവന് കൂട്ടുകാരൊന്നും ഇല്ലായിരുന്നു. എന്നും അവൻ ഒറ്റയ്ക്കാരിന്നു. അവൻ എന്നും ഒറ്റയ്ക്ക് എവിടെയൊക്കെയോ അലഞ്ഞ്തിരിഞ്ഞ് നടക്കും എന്തൊക്കെയോ കളികൾ ഒറ്റയ്ക്ക് കളിക്കും. ഒറ്റയ്ക്ക് സംസാരിക്കും. അത് കണ്ട് അപ്പുവിന് വട്ടാണെന്നും പറഞ്ഞ് അപ്പുവിനെ എല്ലാവരും കളിയാക്കും. അവന്റെ അച്ഛനും അമ്മയും അവനെ പഠിക്കാനൊന്നും വിട്ടിരുന്നില്ല. കുട്ടികൾ കളിക്കുമ്പോൾ അവൻ അവിടെ നോക്കി ഇരിക്കും. വട്ടാണെന്നും പറഞ്ഞ് അവനെ ആരും കളിക്കാൻ കൂട്ടിയിരുന്നില്ല. അപ്പുവിന് നല്ലവണ്ണം ചിത്രം വരയ്ക്കാനറിയാമായിരുന്നു. പക്ഷെ അവന് വരയ്ക്കാൻ ബുക്കും പേപ്പാറുകളുമൊന്നും അവന്റെ വീട്ടിൽ ഉണ്ടായിരുന്നില്ല. അവൻ എല്ലാ വൈകുന്നേരങ്ങളിലും അവന്റെ വീട്ടിന്റെ അടുത്തുള്ള ഒരു കടലിൽ പോകാറുണ്ടായിരുന്നു. എപ്പോഴും ഭംഗിയായി സൂര്യാസ്തമയം കാണാറുണ്ടായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അപ്പു തനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട തന്റെ അമ്മൂമ്മയെ വിളിച്ച് സൂര്യാസ്തമയം കാണാൻ പോയി എന്നിട്ട് അവന്റെ കയിലുണ്ടായിരുന്ന കടലാസുമെടുത്ത് അവൻ അസ്തമിക്കാൻ പൊകുന്ന സൂര്യന്റെ ഒരു ചിത്രം വരച്ച അത് കണ്ട് അമ്മമ്മ ഞെട്ടി കാരണം അത്രയ്ക്കും ഭംഗിയായി ആണ് അവൻ ആ ചിത്രം വരച്ചത്. അങ്ങനെ അമ്മൂമ്മ അവന് ചിത്രം വരയ്ക്കാൻ കുറേ പുസ്തകങ്ങളും,പെൻസിലുകളും നിറങ്ങളും എല്ലാം കഷ്ടപ്പെട്ടുണ്ടാക്കിയ പൈസകൊണ്ട് വാങ്ങിച്ച കൊടുത്തു. അങ്ങനെ അവൻ എല്ലാ ദിവസവും അസ്തമിക്കുന്ന സൂര്യന്റെ ചിത്രങ്ങൾ വരയ്ക്കാൻ തുടങ്ങി. ഒന്നരക്കൊല്ലം അവൻ തുടർച്ചയായി വരച്ച പെട്ടെന്നാണവന്റെ അമ്മമ്മ ബോധംകെട്ടുവീണത് കുറച്ച് നേരങ്ങൾക്ക് ശേഷം അവന്റെ അമ്മൂമ്മ മരണപ്പെട്ടു. അപ്പുവിന് അതൊരു ഷോക്കായി. അവൻ കുറേ നാളത്തേക്ക് ചിത്രം വരയ്ക്കാതായ്. കുറച്ച് നാളുകൾക്ക് ശേഷം അവൻ

പിന്നെയും വരയ്ക്കാൻ തുടങ്ങി. ഇതിനകം അവൻ 500 ൽ അധികം ചിത്രങ്ങൾ വരച്ചു. അവന്റെ കയിലുണ്ടായിരുന്ന പുസ്തകങ്ങളെല്ലാം കഴിഞ്ഞു. അവൻ അതൊക്കെ ഒരു ദിവസം പിന്നടിച്ച് ഒരു ബുക്ക് പോലെ ആക്കി. പല തരത്തിലുള്ള സൂര്യാസ്തമയങ്ങളുള്ള 560 ചിത്രങ്ങൾ. എവിടെ പോകുമ്പോഴും അവന്റെ കയ്യിലതുണ്ടാകും. അങ്ങനെ ഒരു ദിവസം ആ പുസ്തകം അവൻ നടക്കുന്നതിനിടയിൽ വീണുപോയി അപ്പോൾ ആ പുസ്തകം ഒരാൾ കണ്ടു. അത് കണ്ടപ്പോൾ അദ്ദേഹം അത് എടുത്തിട്ട് ചോദിച്ച ഇതൊക്കെ നീ വരച്ചതാണോ അപ്പോൾ അവൻ അതെ എന്ന് പറഞ്ഞു. എന്നിട്ട് അയാൾ അവനെയും കൂട്ടി അരു മാസികയാക്കാൻ കൊണ്ടുപോയി അപ്പോൾ അവൻ പറഞ്ഞു ഇത് എന്റെ



അമ്മൂമ്മയുടെ പേരിൽ കൊടുത്താൽ മതി. അങ്ങനെ ആ ചിത്രങ്ങൾ ഒരു പുസ്തകമായി വന്നു. ആ അസ്തമയങ്ങളെല്ലാം അവന്റെ അമ്മൂമ്മയെ സക്ഷിയാക്കി ആ ചിത്രങ്ങളും ആ അമ്മൂമ്മയെയും എന്നും അവൻ ഓർത്തുകൊണ്ടേ ഇരുന്നു. ഇപ്പോൾ അവൻ വലിയൊരു അറിയപ്പെടുന്ന ചിത്രകാരനായി മാറി.

അക്ഷയ് കൃഷ്ണ
9A

# അമ്മു

അമ്മു രാവിലെ എഴുന്നേറ്റ് മുറ്റത്തേക്കിറങ്ങി. പെട്ടെന്ന് അവൾ ഞെട്ടിത്തരിച്ചു പോയി . എന്നിട്ട് അവൾ അവളുടെ അമ്മയെ മുറ്റത്തേക്കുകൊണ്ടുവന്നു. എന്നിട്ട് അവൾ അമ്മയോട് ആ മരത്തിന്റെ കൊമ്പിലേക്ക് നോക്കുവാൻ പറഞ്ഞു. അപ്പോൾ അമ്മ ആ മരത്തിൽ



നോക്കിയപ്പോൾ ഒരു മനോഹരമായ മഞ്ഞക്കിളിയായിരുന്നു. എന്നിട്ട് അമ്മ പറഞ്ഞു അതിനെ കാണുവാൻ വളരെ ഭംഗിയുണ്ട്. അപ്പോഴാണ് അമ്മുവിന്റെ അച്ഛൻ ജോലിക്കുപോകുവാൻ വേണ്ടി നിൽക്കുന്നത്. അനേരം അച്ഛൻ ചോദിച്ചു എന്താണ് നിങ്ങൾ രണ്ടുപേരും നോക്കുന്നത്. അപ്പോൾ അമ്മ പറഞ്ഞു ദേ ഈ മരത്തിന്റെ കൊമ്പിൽ ഒരു മനോഹരമായ മഞ്ഞക്കിളി. എന്നിട്ട് അച്ഛനും ആ മഞ്ഞക്കിളിയെ വളരെ ഇഷ്ടമായി. അച്ഛൻ ആ മരത്തിന്റെ പിറക്കേ പോയി നോക്കുമ്പോൾ ആ മഞ്ഞക്കിളിയുടെ കാലിനുപിറകെയായി ഒരു ചെറിയ മുറിവ്. ഈ കാര്യം അച്ഛൻ അമ്മയോടും അമ്മുവിനോടും പറഞ്ഞു. അമ്മുവിന് വളരെ സങ്കടമായി. എന്നിട്ട് അച്ഛൻ മരത്തിൽ നിന്ന് ആ കിളിയെ എടുത്ത് മുറ്റത്തേക്കുകൊണ്ടുവന്നു. എന്നിട്ട് അച്ഛൻ ആ മഞ്ഞക്കിളിയുടെ കാലിനും മരുന്നുവെച്ചുകൊടുത്തു. ആ കിളിക്കുവേണ്ടി അമ്മു ഒരു ചെറിയ കൂടു തയ്യാറാക്കി. രണ്ടു ദിവസം കഴിഞ്ഞപ്പോൾ അതിന്റെ കാലിന്റെ മുറിവ് ശരിയായി. എന്നിട്ട് അമ്മു ആ മഞ്ഞക്കിളിയെ തുറന്നുവിട്ടു. എന്നിട്ട് ആ കിളി പറന്നുപോയി. ആ കിളി തിരികെ വരുമെന്ന് കാത്ത് അമ്മു ഇരുന്നു.

ദേവാനന്ദ് പി. വി., *VII-B*

# മടക്കയാത്ര

സമയം 7:30 ചന്ദ്രേട്ടൻ കടയിൽപോയി മടങ്ങിവരുകയായിരുന്നു, അപ്പോൾ അയൽക്കാരനായ വാസു വന്നു . ബൈക്കിലായിരുന്നു വന്നത് .
അപ്പോൾ , വാസു പറഞ്ഞു
“അല്ല , ചന്ദ്രേട്ടൻ എവിടെപോയതാ ? “ചന്ദ്രേട്ടൻ സൗമ്യമായ ഭാഷയിൽ പറഞ്ഞു “ഞാൻ വീട്ടിലേക്ക് പോകുകയാ എന്നെ വീട്ടിൽ ഇറക്കുമോ ഞാൻ ചന്തയിൽ നിന്നും വരുകയാ“ അപ്പോൾ വാസു "ആ കേറിക്കോ"! .
അങ്ങനെ അവർ യാത്രയായി ഇരുട്ടായിരുന്നു ,അവർ വർത്തമാനം പറഞ്ഞു പറഞ്ഞു വഴിതെറ്റുകയും ചെയ്തു. അതുകൊണ്ട് അവർ വീട്ടിലെത്താൻ താമസിച്ചിരുന്നു .
പിറ്റെ ദിവസം രാവിലെ ചന്ദ്രേട്ടന് കടുത്ത പനി . അതുകൊണ്ട് വാസു ചന്ദ്രേട്ടനെ ബൈക്കിൽ കയറ്റി ഡോക്ടരുടെ അടുത്ത് പോയി അങ്ങനെ അവർ തിരിച്ചുവന്നു രാത്രി അവർ കറങ്ങാൻ പോയി , വാസു ഭക്ഷണം ഹോട്ടലിൽ നിന്ന് കഴിച്ചു. ചന്ദ്രേട്ടന്റെ കൈയിൽ കാശില്ലാത്തതുകാരണം വാസു ചന്ദ്രേട്ടന് ഭക്ഷണം വാങ്ങിക്കൊടുത്തു. പിന്നെ അവർ അടുത്ത സുഹൃത്തുക്കളായി .
3 മാസത്തിനുശേഷം പിന്നെ ഒരു ദിവസം അതായത് സെപ്റ്റംബർ 19 വാസുവിന്റെ പിറന്നാൾ ദിനം ആഘോഷങ്ങൾ ഒന്നും ഇല്ലായിരുന്നു . പക്ഷെ പാവം ചന്ദ്രേട്ടന് ഒരു സമ്മാനം വാങ്ങാൻ പണമില്ല . അത് കാരണം ചന്ദ്രേട്ടന് വിഷമമായി.അങ്ങനെ ആ വിഷമം കൂടി കൂടി അയാൾക്ക് സ്ഥിരതയില്ലാതായി, അതായത് വട്ടുപിടിച്ചു. അങ്ങനെ അത് ആത്മഹത്യയായി അങ്ങനെ ചന്ദ്രേട്ടൻ മരണപെട്ടതറിഞ്ഞ് തിടുക്കം കൂട്ടി വാസു ബൈക്കെടുത്ത് ആശുപത്രിയിൽ ചന്ദ്രേട്ടനെ കാണാൻ വേണ്ടിപ്പോയി .ചന്ദ്രേട്ടനെ മനസ്സിൽ ഓർത്തുകൊണ്ട് ബൈക്ക് ഓടിക്കുകയായിരുന്നു വാസു . മനസ്സ് എവിടെയോ ബൈക്കിന്റെ സ്പീഡും ഓവർ അങ്ങനെ വാസുവിനെയും ദൈവം മുകളിലേക്ക് വിളിച്ചു. ഒരു ടിപ്പർ ലോറി ബൈക്കിനിടിച്ച് അപകടം. പക്ഷെ ഇതറിഞ്ഞ് സങ്കടപെടാൻ ചന്ദ്രേട്ടനില്ല. അങ്ങനെ ഇരുവരുടെയും മടക്കയാത്രയാണിത്. അതായത് അവരുടെ സൗഹൃദ മടക്കയാത്ര. ഭൂമിയിൽ നിന്ന് സ്വർഗത്തിലേക്കുള്ള അവരുടെ സ്വർഗയാത്ര

ഗൗതം സുധാകരൻVii-B

# जीवन का अंत कैसे

एक सुनन्दर गाव में पहले पहले कमल नामका एक आदमी रहता था ।उसके घर में वह अकेला हुं । वह एक किसान है । उसको जीवन के बारे में डर था ।

अक दिन उसने जीवन के अंत के भारे में जानने केलिए घर से भाहर निकला । वह बहुत सारे लोगें से पुछा पर किसी के पास एक अच्छा जवाब था । चलते वक्त उन्होंने एक बुढा आदमी को देखा । उसने उससे वही सवाल पूंछा । उन्होंने कहा "बेटा अच्छे लोगों को उपरवाला ज लदी अपने और बुलाती है "। उनका यह जवाब सुनकर उसे बहुत फिकर हुआ । उसने सोचने लगा कि " क्या में अच्चा इनसान नहीं है ? उपरवाला मुझे क्यों नहुं आपके पास बुलाती ? "।

वह बहुत दुखसे और डर से घरचला गया उस रात उसने सेया तक नहीं । डर लगने से नींद नहीं आरहीं थी । वह अगले दिन खेत में नहीं गया । घर पर अकेला रहा । खेत में न जाने के कारन पडोस के एक ककिसाान उससे मीलने गया । उसनें पुछा कि

"आप आज खेती करने केलिए क्यों नहीं आया "कमल ने कल कि

सारी बातें कह लिया । जब बात खतम हुइ तब  पडासी हसने लगा । हसी देखकर कमल ने पुचा । ”अरे तुम क्यें हस रहे हो ”

पडासी ने कहा.... ”अरे भाई आपकि यह कहानि सुनकर मुझे हसी रोक नहीं सकता ।अरे कमल जी जीवन एक ही हेता है । दुसरा नहीं । अपना जीलन खुशीसे और महनतसे जीना चाहिए ।और ऊपरवाले को जलदीसे अपने आप को ऊपर  बुलाने को नही चाहिए । अब समज गया । अपनें जीवन में खुशी डालों और दुसरों को भी खुश कर दो । आप बेकार में डर रहे है "।अपनी पडोसी के बात सुनकर उसे समज गया कि बात सही है । फिर वे अपना जीवन खुशी से और मेहनत से जीना लगा ।



Rohith .V.P

*VIII-F*

**യാത്രാവിവരണം**

# വാഗമണ്ണിലേക്ക്...

ഞങ്ങൾ വൈകിട്ടാണ് യാത്രതിരിച്ചത്. വാഗമണ്ണിലേക്കാണ് പോകുന്നത്. നാട്ടിലെ ക്ലബിൽ നിന്നാണ് യാത്രപോകുന്നത്. രാത്രി ഏറെ വൈകി ഗുരുവായൂരെത്തി അവിടെ നിന്നും കുളിച്ച് അമ്പലത്തിൽ പോയി. 



പിന്നെയും യാത്ര തുടർന്നു. പുലർച്ചെ രണ്ടുമണി കഴിയുമ്പോഴേക്കും വാഗമണിലെ ഒരു കോട്ടേജ്ജിൽ തങ്ങി. രാവിലെ അഞ്ചുമണിയാകുമ്പോഴേക്കും എണീറ്റു പുറത്തിറങ്ങി. ഇതുവരെ അറിഞ്ഞിട്ടില്ലാത്ത തണുപ്പ്. ദൂരേക്ക് നോക്കുമ്പോൾ മഞ്ഞ് മൂടിയിരിക്കുന്നു. മഞ്ഞിന്റെ തണുപ്പ് ശരീരത്തിനേകുന്നപോലെ പച്ചപ്പിന്റെ തണുപ്പ് മനസിനും കുളിരേകി. തങ്ങിയ സ്ഥലത്തിന്റെ മുകളിൽ കുത്തനെയുള്ള ഒരു ചെറിയ കുന്നാണ്. കുന്നിന്റെ മുകളിലേക്ക് കയറുന്ന വഴിക്കിരുവശവും പലവർണങ്ങൾ വാരിവിതറിയപോലുള്ള പൂന്തോട്ടം. മുകളിൽ കെട്ടിടമാണ് മഞ്ഞ് ഒരു വിധം കുറഞ്ഞപ്പോൾ പിന്നെയും യാത്ര തുടങ്ങി. വഴിയുടെ ഒരു വശത്ത് വലിയ കൊക്ക. താഴേക്ക് നോക്കുമ്പോൾ വൻ മരങ്ങൾ കുടപോലെ നിൽക്കുന്നു. തേയില തോട്ടത്തിന് നടുവിലൂടെയുള്ള യാത്ര അതിസുന്ദര നിമിഷം. ഇതെല്ലാം പിന്നിട്ട് ഒരു ടൂറിസ്റ്റ് കേന്ദ്രത്തിലെത്തി. വലിയ ഒരു കുളം അതിൽ ബോട്ടിങ് നടത്തുകയാണ്. കുണപോലെ പൊങ്ങിനിൽക്കുന്ന മൺക്കുനകൾ. ദൂരത്തേക്ക് നോക്കിയാൽ വലിയ പാറ. അതിസുന്ദരമായ കാഴ്ച. ജീവിതത്തിൽ മറക്കാനാവാത്ത ഒരനുഭവമായിരുന്നു അത്.

യദുകൃഷ്ണ ഇ

# മൈസൂരിൻ മനോഹാരിതയിലേക്ക്

കിഴക്ക് വെള്ള കീറി. അന്ന് രാവിലെ ഏഴുമണിക്കാണ് മൈസൂരിൽ പോകുന്നത്. കൃത്യം ഏഴുമണിക്കുതന്നെ മൈസൂരിലേക്ക് പുറപ്പെട്ടു. റോഡ് പാമ്പുപോലെ വളഞ്ഞ് തിരിഞ്ഞാണ്. മലകൾക്കിടയിൽ പഞ്ഞിക്കിടക്കപോലെ കോടമഞ്ഞു കൂട്ടം . പിന്നെ ബസ്സിന്റെ ജനാലകൾക്കിടയിലൂടെ വരുന്ന ഇളംകാറ്റിൽ ഞാൻ ഒന്നു മയങ്ങി. കണ്ണു തുറക്കുമ്പോഴേക്കും മൈസൂരിൽ എത്തിയിരിക്കുന്നു. ആദ്യം തന്നെ പോയത് മൃഗശാലയിലേക്കാണ്. അവിടെ മയിൽ, പരുന്ത്, തത്ത, കുരങ്ങൻ, പുലി, സിംഹം എന്നിങ്ങനെ ഒട്ടനവധി മൃഗങ്ങളും പക്ഷികളും ഉണ്ടായിരുന്നു. പിന്നെ ഉച്ചഭക്ഷണം കഴിച്ച് ചാമുണ്ടി മലയിലേക്കാണ് പോയത്. അവിടേക്ക് വളരെയധികം ദൂരമുള്ളതിനാൽ അവിടെ എത്തുമ്പോഴേക്കും സന്ധ്യയായിരുന്നു. അപ്പോൾ ആ മലയുടെ മുകളിൽനിന്ന് താഴേക്കുനോക്കുമ്പോൾ മൈസൂർ പട്ടണം ലൈറ്റിൽ കുളിച്ചിരിക്കുന്നു. വാഹനങ്ങൾ പോകുന്നത് കാണുമ്പോൾ മിന്നാമിനുങ്ങുകൾ വരിവരിയായി പോകുന്നത് പോലെയുണ്ട്. അവിടെ നിന്ന് ഭക്ഷണം കഴിച്ച് വീട്ടിലേക്ക് തിരിച്ചു. പിന്നെ ഞാൻ മയങ്ങി. വീട്ടിലെത്തിയപ്പോൾ എന്റെ കൂട്ടുകാരൻ വിളിച്ചുണർത്തി. ഒരിക്കലും മറക്കാനാവാത്ത ഒരനുഭവമാണിത്

സായന്ത് ടി.


*VIII-B*

# TO

# MYSORE

On 20/11/2018 our school was going to a study tour to Mysore with students of 9th and 10th . Majority of them was of students of 10th only 8out of 88 were the students of 9th standard.

After giving all the instruction and dividing us in groups we started our journey on 10pm there was 2 buses in which almost 10 teachers was there in the bus . All of us was dancing in the bus the bus shook when it stopped. It was great fun in the bus. All of us found that their energy are getting down so we stopped dancing . Around at 11.30pm all of us were down ,But by



that time we almost reached at Irity. When we were at the top of the mountain ,some of us were scared of height so for that reason Driver played a Film on the TV and by the end of it all of us had slept.

At around 6.30 am we reached on a site where we drank a tea and by 7 a.m we reached a resort .

At there we want to be split in 2 rooms with 4 children in a room but because of the lack of rooms we stayed in 1 room with 8 children in one room .We got washed, dressed up had breakfast and headed to Mysore Zoo. The zoo was about 5km long we want to walk all the way up to the end. Every thing was there rats to

*even anaconda ,the only thing which i noticed that there was no Cheetah in there. After that we had our lunch and*

*went to Tippusulthan's museum and the place were Tippu was found dead, at there we also had tea and went to Kavery sangamam and then to the biggest garden in mysoor the Vrindavanam garden which was a wast garden under a dam and there was a water show on there which was miraculous after all that days walking we head back to our resort had our dinner got the keys to our room and slept*

*The next day we did the days work and headed to ST. Filominas Cathedaral which had a under ground way to the inside of the church .After there we went to the great Mysoor palace in there we went to a temple in which one of our wishes will come true we all entered there and said our wishes,then we had our lunch and then went for shopping after that we went to the sand museum which was built by a 16 year old girl .At last we went to Chamundy hills and enjoyed a miraculous night view of Mysoor*

*After all our teachers surprisingly took us to a DJ club and we danced as much as we want after that we ate our dinner and slept in tje bus peacefully no one danced because all of us were exhausted and we slept nicely.*

*The next morning I woke up early. By that time we have reached Kannur and at 7.30 am we reached our school and then went to our home.*

*By :- Adith K P*
*IX-E*

## അനുഭവക്കുറിപ്പ്

# മൈസൂറിൻ മായാജാലം

എന്റെ അനുഭവം ഒരു മറക്കാനാകാത്തതാണ്. ഞാൻ ഒരു യാത്ര പോയപ്പോൾ അതിൽ കുറെ കാര്യങ്ങൾ കണ്ടു. ഞാനും എന്റെ കുടുംബവുമാണ് യാത്ര പോയത്. യാത്ര പോയത് തിരുവനന്തപുരത്താണ്. തിരുവനന്തപുരത്ത് കന്യാകുമാരിയിലും കോവളം ബീച്ചിലും. ശംഖുമുഖം ബീച്ചിലുമാണ് പോയത്. പിന്നെ നിയമസഭ, സെക്രട്ടറിയെറ്റ് എന്നിടങ്ങളിലാണ് പോയത്. അത് ഒരു മനോഹരമായ യാത്രയാണ്. നിയമസഭയിൽ പോയപ്പോൾ അവിടെ സ്പീക്കർ ഇരിക്കുന്ന സ്ഥലം പിന്നെ എം എൽ എമാർ ഇരിക്കുന്ന സ്ഥലവും കണ്ടു. കന്യാകുമാരിയിൽ പോയപ്പോൾ അവിടെ എത്തുമ്പോഴേക്കു സന്ധ്യയായിരുന്നു. അപ്പോൾ അവിടെ സൂര്യൻ അസ്തമിക്കുന്നത് കണ്ടു. പിറ്റേന്ന് രാവിലെ ആറ് മണിയാകുമ്പോൾ സൂര്യൻ ഉദിക്കുന്നത് കാണാൻ കഴിഞ്ഞു. പിന്നെ ബീച്ചിൽ പോയി അവിടുന്ന് രസകരമായി കളിച്ചു എല്ലാവർക്കും ഒരു രസകരമായ യാത്രയായിരുന്നു അത് . എല്ലാവരും നല്ലവണ്ണം അസ്വദിച്ചു . തിരിച്ചുവന്നു , എനിക്ക് ഇത് ഒരു മറക്കാനാകാത്ത യാത്രയാണ്. എല്ലാവരും എല്ലായിടത്തും കറങ്ങിയിട്ടാണ് വന്നത് . തിരിച്ചുവരുമ്പോൾ രാത്രിയായിരുന്നു അങ്ങനെ പിറ്റേന്ന് രാവിലെ എത്തിച്ചേർന്നു .

ആമിത്ത് കുമാർ X-E


# ജിമ്പിൽ വരച്ച ചിത്രങ്ങൾ




അഭയ് ടി. എസ്
X-E



അഭയ് ടി. എസ്
X-E



വിശാൽ കെ. വി
+2



മുബഷിർ സി. പി
IX-E





അഭയ് ടി. എസ്
X-E

പ്രണയ് പി. പി
VII-B






വിശാൽ കെ.വി
+2

വിശാഖ് എ.വി
8 ബി

# കേരള സേന




മഹാ പ്രളയത്തിൽ അകപ്പെട്ട കേരളത്തെ രക്ഷിക്കാൻ മനസ്സ് കാട്ടിയ ധീരന്മാരായ മത്സ്യത്തൊഴിലാളികൾക്ക് ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

രക്ഷാപ്രവർത്തനങ്ങളിൽ വലിയ സഹായമാണ് മത്സ്യബന്ധനബോട്ടുകളും മത്സ്യത്തൊഴിലാളികളും നൽകിയത്. രക്ഷാപ്രവർത്തനങ്ങളിലേർപ്പെട്ട മത്സ്യത്തൊഴിലാളികളെ "കേരളത്തിന്റെ സൈന്യം" എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വിശേഷിപ്പിച്ചു. കടലിന്റെ മക്കൾക്ക് ഞങ്ങളുടെ ബിഗ് സല്യൂട്ട്.

By

Little Kites Unit

G. B. H. S. S

Cherukunnu

# നന്മകൾ നിറയും നാളേക്കായ്...



ഭൂമി നമ്മുടെ അമ്മയാണ്. അതിനെ പരമാവധി ചൂഷണം ചെയ്തുകഴിഞ്ഞു. ഭൂമിയിൽ നിന്ന് എടുക്കുന്നത് എന്തൊക്കെയെന്നല്ലാതെ പകരം എന്തു കൊടുക്കാമെന്നതിനെപ്പറ്റി മനുഷ്യർ ആലോചിക്കാറില്ല. പരമാവധി ചൂഷണം ചെയ്യുക, വെട്ടുക, മുറിക്കുക, എല്ലാം വെട്ടിപ്പൊളിച്ച് അതിനുള്ളിലുള്ളതെല്ലാമെടുക്കുക, ആഴത്തിൽ ഖനനം ചെയ്യുക, കടലിൽനിന്ന് കിട്ടാവുന്നതെല്ലാം എടുക്കുക, മലകളെ ഇടിച്ചുതകർക്കുക, വെടിമരുന്നിട്ട് പാറക്കൂട്ടങ്ങളെ മുഴുവൻ പൊട്ടിച്ച് ചിതറിച്ച് ലോറികളിൽ കയറ്റി എങ്ങോട്ടൊക്കെയോ കടത്തുക, വയൽ നികത്തുക, കുന്നിടിക്കുക എന്നൊക്കെയാണ് മനുഷ്യരുടെ മനസ്സിൽ.

അത്യുന്നതങ്ങളായ കോൺക്രീറ്റ് സാധനങ്ങൾക്കൊണ്ട് ഭൂമിയെ ശ്വാസംമുട്ടിക്കുകയാണ് മനുഷ്യർ. വലിയ വ്യവസായശാലകൾ, ലക്ഷക്കണക്കിന് വാഹനങ്ങൾ, തുടങ്ങിയ ഒരുപാട് രാസപരീക്ഷണങ്ങൾ. ഇവയെല്ലാം ചേർന്ന് അന്തരീക്ഷത്തിലെ പ്രാണവായുവിനെ മലിനമാക്കിക്കൊണ്ടിരിക്കുകയാണ്.

നമ്മുടെ ഭക്ഷണം മുഴുവൻ വിഷമായിക്കഴിഞ്ഞു. പച്ചക്കറികൾ തുടങ്ങിയവ വീട്ടിൽ കൃഷിചെയ്താൽ ഇതിൽ നിന്ന് നമുക്ക് രക്ഷനേടാം.

ഈ നാട്ടിൽ അതിവേഗം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പച്ചപ്പ് നമ്മുടെ മനോഹരമായ കാലാവസ്ഥ, നമ്മുടെ നദികൾ ഇവയെല്ലാം തിരിച്ചുപിടിക്കാൻ നമുക്ക് കഴിയണം. മാലിന്യവിമുക്തമായ കേരളം, ശുചിയായ കേരളം, സ്വച്ഛസുന്ദരമായ കേരളം നമ്മൾ ഓരോ മലയാളിയുടെയും സ്വപ്നമാണ്.

നാടിന്റെ ഭാവി പുതുതലമുറയുടെ കൈകളിലാണ്. നല്ലൊരു നാട് നമുക്ക് ഉണ്ടാകണമെങ്കിൽ അതിന് ഇന്നുമുതൽ പ്രയത്നിക്കണം.

നവനീത് കുമാർ പി.വി
*IX-C*

അധ്യാപകരുടെ രചനകൾ

# ഞാൻ അഭയാർത്ഥി

'ഇത് ഹത്യയല്ല വംശഹത്യയല്ല'
അല്ലെങ്കിലിതിൻ നാമമെന്ത്?പറയുക
തീയാളുമിന്നെന്റെ കണ്ണിലെ കണ്ണീരിന്നുറവ നീ
തേടിത്തിരയുക നീ പറയുക......

'ഇത്ഹത്യയല്ല വംശഹത്യയല്ല'-എങ്കിലിതിൻ
പൊരുളെന്ത് നീ പറയുക ? കുഞ്ഞു-
ജഢമടിഞ്ഞിട്ടും തീരങ്ങൾ സാക്ഷിയായ്-
പറയുക- നീ നിനക്കറിയുമെങ്കിൽ.....

നിൻ മൗനമെന്നതിൽ നിയമമുണ്ട്,
നിൻ സ്വരമതിന്നും നിയമമുണ്ട്...

നീ നിന്റെ നാടിന്റെ നായിക  കനിവിന്റെ-
മാലാഖയാണിന്നിതാരു ചൊല്ലി ?
പേരും പുകൾ പെറ്റ പെരുമയും ജേതാ-
വെന്നോമനപ്പേരുമിന്നാരു നൽകി ?

ഞാനുമെൻ മക്കളും കൂട്ടരുമൊന്നായി-
പാലായനം ചെയ്തുപോകുമെങ്കിൽ
നീയും നിൻ  കാവലാൾമാരുമെൻ പെണ്ണിന്റെ
മാനം കടിച്ചു പറിക്കുമെങ്കിൽ
എന്തിനായ് ദേവതേ കണ്ണു കെട്ടിക്കളിച്ച-
ന്ന്യായ മേലാളൻമാരുമായ് നീ.....

എന്തിനെൻ വംശത്തെ കൊന്നുമൂടി ?
ഞാൻ തോണി തുഴയുന്നവൻ

ഞാൻ പിശാചാകുന്നവൻ
ഞാനടിമയാകുന്നവൻ
ഞാനധ:കൃതൻ ഞാനൊറ്റുകാരൻ
ഞാൻ നീച നാലംബ ഹീനൻ
നീയാര് ? നീയൊന്നു ചൊല്ലുക
എന്റെയന്തിക്കുടിലിന്നു തീ വെച്ച്-
എന്റെ പെണ്ണിനെകീറിത്തുടച്ചവൻ
എന്റെ മണ്ണിൽ സൈനത്താവളം തീർത്തവൻ
എന്നെ ജീവനാൽ പട്ടിണിക്കിട്ടവൻ
അറയ്ക്കുന്നു ലോകമേ നിന്നിൽ ഞാൻ
വെറുക്കുന്നു നിന്റെയീ നീതി വ്യവസ്ഥയെ
ഇന്നീ പുറം കടൽ സാക്ഷിയായോതുന്നു
നിന്റെ പതനം നിശ്ചയം-ദാരുണം
നിന്റെ പതനം നിശ്ചയം-ദാരുണം

ശ്രീജ ചന്ദ്രോത്ത്

# കാഴ്ചകൾക്കപ്പുറം

ണിം ണാം ണിം ണാം ണിം - മണി അഞ്ചായി. കുമാരന്റെ ചെവിയിലേക്ക് ക്ലോക്ക് പെരുമ്പറ കൊട്ടി അറിയിച്ചു. തളർന്ന് തറയിൽ കുത്തിയിരുന്ന ആ വൃദ്ധൻ അലറിക്കരഞ്ഞുകൊണ്ടെഴുന്നേറ്റു. "ഈശ്വരാ മണി അഞ്ച് ഇനിയും ന്റെ ഉണ്ണിക്കുട്ടൻ" തലയ്ക്കു ചുറ്റും പത്തു വയസ്സുകാരൻ പേരക്കുട്ടിയുടെ "മുത്തശ്ശാ " വിളി ഉണരുന്നു. " മുത്തശ്ശാ ഇന്നെനിക്ക് പുതിയ ഗെയിം ഡൗൺലോഡ് ചെയ്തു തന്നില്ലെങ്കിൽ ഞാൻ പപ്പയോടും മമ്മിയോടും വിളിച്ചു പറയും "

കാര്യം ശരിക്കു മനസ്സിലായില്ലെങ്കിലും അമേരിക്കയിലുള്ള മാതാപിതാക്കളെ വിളിക്കുമെന്ന ഭീഷണിക്കു മേൽ അത് താൻ സമ്മതിച്ചതാണല്ലോ ' അപ്പോൾ പിന്നെ പിണക്കം തീർക്കാൻ ഈ വൃദ്ധനെ കളിപ്പിക്കുന്നതൊന്നുമല്ല. പടിയിറങ്ങുമ്പോൾ മുത്തശ്ശിക്കുള്ള പതിവ് മുത്തം കൊടുക്കാനും ന്റെ ഉണ്ണിക്കുട്ടൻ മറന്നില്ലല്ലോ ' നര ബാധിച്ച തന്റെ ശരീരവും വഹിച്ചുകൊണ്ട് കുമാരൻ നിർത്താതെ ഓടി. ബസ് സ്റ്റോപ്പ്, സ്കൂൾ, കടകൾ എല്ലാം കയറിയിറങ്ങി. ഫലമൊന്നുമുണ്ടായില്ല. ചിലപ്പോൾ തന്റെ കാഴ്ചയ്ക്കപ്പുറം ക്ലാസ് റൂമിലോ ബസ് സ്റ്റാൻഡിലോ അവനുണ്ടായിരുന്നോ? ഭ്രാന്തു പിടിച്ച പോലെ അയാൾ ബസ് സ്റ്റാൻഡിൽ തലങ്ങും വിലങ്ങും പാഞ്ഞു. കിതപ്പടക്കാനായി കൈ യൂന്നിയ പരസ്യ ബോർഡും അയാളെ കുത്തി നോവിക്കുന്നതായിരുന്നു. ബാലവേലയ്ക്കായി തട്ടികൊണ്ടു പോകപ്പെട്ട കുരുന്നുകളുടെ ദയനീയ മുഖം അയാളുടെ ഹൃദയത്തെ നുറുക്കിക്കൊണ്ടേയിരുന്നു.

"ഹോ! ഇല്ല ന്റെ ഉണ്ണിക്കുട്ടനിപ്പോ വീട്ടിലെത്തിയിട്ടുണ്ടാവും ".

സ്വയം സമാധാനിപ്പിക്കാൻ ശ്രമിച്ചു കൊണ്ട് തിരികെ നടക്കവേ ചായക്കടയ്ക്കു മുന്നിൽ പത്രവായനയും ചർച്ചയും തകർക്കുന്നു.

"ഭീകരാക്രമണം !, അവിടെ ആൺ പെൺ ഭേദമൊന്നുമില്ല അവരുടെ കൈയിൽ കിട്ടിയാൽ പിന്നെ തീവ്രവാദിയാക്കി മാറ്റുമത്രെ ". ആരുടെയോ അഭിപ്രായം കുമാരന്റെ തലച്ചോറിലൊരു കൊള്ളിയാൻ മിന്നിച്ചു . "ഈശ്വരാ ന്റെ കുട്ടി" വെറുമൊരു മാത്രമല്ലവനെനിക്ക് തന്റെ ശ്വാസം തന്നെ അവനാണ് '.ഉണ്ണിയെ കിട്ടാൻ തന്റെ കണ്ണുകൾ ദാനമായി നൽകിയ നങ്ങേലിയുടെ കഥ പറഞ്ഞു കൊടുക്കുമ്പോൾ അവൻ പറയാറുണ്ട്.

"എന്റെ മുത്തശ്ശനും മുത്തശ്ശീമാണെങ്കിൽ ജീവൻ തന്നെ കൊടുത്തേനെ" . ഇതും പറഞ്ഞൊരു ചിരിയുണ്ട്, കുമാരന്റെ സകല തളർച്ചകളും ആ ചിരിയിലലിഞ്ഞു

പോകാറുണ്ട്.

കൈവിട്ടു പോയ ഒരു കുട്ടിയുടെ ഭാവിയെപ്പറ്റി മാധ്യമങ്ങൾ വരച്ചു കാട്ടിയ ചിത്രങ്ങളെയോർത്തപ്പോഴേക്കും തന്റെ ഞരമ്പുകളുടെ ശക്തി ക്ഷയിച്ചു പോകുന്നതായി തോന്നി അയാൾക്ക്, താനിപ്പോൾ വലിയൊരന്തകാരത്തിലാണ് തലയ്ക്കു ചുറ്റും വണ്ടുകൾ ചീറിപ്പറക്കുന്നു. കാലുകൾക്ക് കീഴെ തറ പൊടിഞ്ഞു പോകുന്നു. എങ്കിലും സർവ്വ ശക്തിയുമെടുത്ത് അയാൾ അലറി വിളിച്ചു " ഉണ്ണീ ....... " സ്വന്തം ചെവിക്കുടയിൽ തട്ടി ആ ശബ്ദതരംഗങ്ങൾ ചിതറിപ്പോയ്ക്കൊണ്ടിരുന്നു.

"ഹാ വയ്യ! "

തന്റെ കട്ടിലിനരികിൽ നിറകണ്ണുകളുമായി നിൽക്കുന്നതാരാണ്?

" ന്റെ ഉണ്ണിക്കുട്ടനല്ലേ അത്?"

"മോനേ... "

തന്റെ സ്വരം തൊണ്ടയിൽ കിടന്നു വീർപ്പു മുട്ടുന്നുണ്ടോ കൺമുന്നിൽ നിന്നും നനഞ്ഞു കുതിർന്ന ആ ചിത്രം പൊടിഞ്ഞു പോകുന്നോ കട്ടപിടിച്ച ഇരുട്ടിലേക്ക് ഏതോ വെളിച്ചം കടന്നു വരികയാണോ

ഒന്നും വേർതിരിച്ചറിയാതെ അയാളുടെ വിളറിയ മുഖത്ത് നിന്നും അടർന്നു വീണ ആ അശ്രുകണം ആരെയും കാത്തു നിൽക്കാതെ തറയിലെ മണ്ണിൽ ലയിച്ചു ചേർന്നു.

അനിതമഹേഷ്

# لَوْعَةُ الْفِرَاق

بِقَلم : سِرَاجُ الدِّين مَحْمُود

لَسْتَ بِبَعِيدٍ عَـنَّا وَقَرْيَتِنَا
وَأَنْتَ أَقْرَبُ مِنْ طَرَفِ عُيُونِنَا
وَحُبُّكَ يَجْرِي فِي دِمَائِنَا
وَأَنْتَ مُسْتَقِرٌّ فِي قُلُوبِنَا
نَخَافُ الْجُنُونَ قَدْ يُصِيبُنَا
كَمَا جَنَّ قَيْسٌ بِحُبِّ حَبِيبَتِهِ ،

قُلُوبُنَا تَطِيرُ إِلَيْكَ....
وَتَبْدُو أَمَامَنَا بِوَجْهٍ مُقَسَّمٍ
إِذَا نِمْنَا بِذِكْرِكَ
لَيْلاً وَنَهَارًا ....

بَعْدَ فِرَاقِكَ ...
نَعِيشُ بِقَلْبٍ دَائِمِ الْحَسَرَاتِ
قُلُوبُنَا مُوَجَّعَةٌ ، مُكَسَّرَةٌ
قَلِقَةٌ ، مُضْطَرِبَةٌ

الْحَسرَةُ عَلَى فِرَاقِ الْأَحِبَّاءِ
شُعُور لَيْسَ لَهَا نِهَايَةٌ
فَكَيْفَ نَصِفُهَا لِمَنْ لَا يَشْعُرُهَا ؟

وَ أَنْتَ الْبَحْرُ
وَالْأَسَاتِذَةُ كُلُّهُمْ بِحَارٌ
وَلَكِن لَيْسَ هُنَاكَ فِي قَرْيَتِنَا
مَكَانٌ قَطّ لِضِمْنِ الْبحر

هَذِهِ الْفِكْرَة
وَهَذِهِ الْجَمْعِيَّةُ ، وَهَذِهِ الْمَشْرُوعَاتُ كُلُّهَا
تَوَلَّدَتْ فِي نَفْسِك

نَشْعُرُ
أَنَّكَ أَلْقَيتَ إِلَينَا حَبْلاً مَتِينًا
لِلنَّجَاةِ والْفَلَاح

نَحْنُ نَبْنِي بِهَا مَحَلَّةً جَدِيدَةً
محلَّةٌ تَسُودُ فِيهَا الْفَرَحُ وَالسَّعَادَة
وَالْمَوَدَّةُ وَالرَّحْمَةُ
وَالْأُلْفَةُ وَالرَّحْمَةُ
مَحَلَّةٌ لَيْسَ لَهَا مَثِيلٌ فِي الدُّنْيَا

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

# ജി.ബി.എച്ച്.എസ്.എസ് ചെറുകുന്ന്



# ചാമ്പ്യൻമാർ


മാടായി ഉപജില്ലാ ഐ. ടി മേളയിൽ തുടർച്ചയായി പത്തുവർഷത്തോളമായി ചാമ്പ്യന്മാരാണ് ജി.ബി.എച്ച്.എസ്.എസ് IT ടീം.

## ഈ വർഷത്തെ IT മേള ചാമ്പ്യൻഷിപ്പ് നേടിയ ടീം.



കണ്ണൂർ ജില്ലാ ഐടി മേളയിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഫസ്റ്റ് റണ്ണറപ്പ് നേടാനും ഈ ടീമിന് സാധിച്ചു. **സംസ്ഥാന ഐ.ടി മേള**യിലും മലയാളം ടൈപ്പിംഗിൽ തങ്ങളുടെ സാന്നിധ്യം അറിയിച്ചു.

# പണിപ്പുരയിൽ .........










Thank
you